(എഫ്) ഈ പദ്ധതികളുടെ പൊതുവായ ഘടകങ്ങളുടെ പണി പൂർത്തിയാക്കി ജലലഭ്യത ഉറപ്പു വരുത്തിയതിന് ശേഷമേ ഫറോക്ക്-കരുവൻതിരുത്തി വില്ലേജുകൾക്കുള്ള പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു.

മഞ്ചേരി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം

50 [1028] ശ്രീ. ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എപ്പോഴാണ് തുടങ്ങിയതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രവർത്തനം നടക്കുന്നുണ്ട്.

(ബി) ചീക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവർത്തനം 1996-ലാണ് തുടങ്ങിയത്.

(സി) 2007 മാർച്ചിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ (2004-05) 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

തൃത്താല മണ്ഡലത്തിലെ പുളിയപറ്റ കായൽ സംരക്ഷണ പദ്ധതി

51 [1029] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃത്താല മണ്ഡലത്തിലെ പുളിയപറ്റ കായൽ സംരക്ഷണ പദ്ധതി നടപ്പിലാക്കാൻ സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് എത്രയാണ്;

(ഡി) ഇത് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ഡി) എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി ലഭിച്ച ശേഷം മാത്രമേ ആരംഭിക്കാൻ കഴിയുകയുള്ളൂ.

വാമനപുരം ജലസേചന പദ്ധതിക്ക് ചെലവഴിച്ച തുക

52 [1030] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം പദ്ധതിക്കായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) വാമനപുരം പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതിനു പകരം എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2004 മാർച്ച് 31 വരെ ശമ്പളയിനത്തിൽ 13,40,59,276 രൂപയും പ്രവർത്തികൾക്ക് 4,49,14,610 രൂപയും ഉൾപ്പെടെ 17,89,73,886 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) വാമനപുരം പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടില്ല.

എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നവും പാവോൽ ചീപ്പിൽനിന്നുള്ള ശുദ്ധജല വിതരണവും

53 [1031] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കളത്തൂർ പഞ്ചായത്തുകൾക്കു വേണ്ടി നടപ്പാക്കിയ ജലവിതരണ പദ്ധതിയുടെ പാവോൽ ചീപ്പ് ജലസംഭരണിയിൽ നിന്നും കോഴിക്കോട് നഗരത്തിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള ഏതെങ്കിലും പുതിയ പദ്ധതി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുടെ അഭിപ്രായം അറിയിക്കാമോ;

(സി) വേനൽക്കാലത്ത് പ്രസ്തുത പഞ്ചായത്തുകൾക്ക് ആവശ്യമായ കുടിവെള്ളം ലഭിക്കുന്നില്ല എന്നതും ഈ രണ്ട് പഞ്ചായത്തുകളിലും പൈപ്പ് ലൈൻ നീട്ടുവാൻ ഇപ്പോഴും ബാക്കിയുണ്ട് എന്നതും പരിഗണിക്കാതെയുള്ള ഈ നടപടി പ്രസ്തുത പഞ്ചായത്തിലെ ജനങ്ങളുടെ പ്രതിഷേധത്തിന് കാരണമാക്കിയിട്ടുണ്ടെന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly